# കേരള ടെക്നിക്കൽ ഹൈസ്കൂൾ
# കലോത്സവ

## മാന്വൽ

(Approved as per GO(Rt) No. 955/2024/HEdn., Thiruvananthapuram dated 30/07/2024)


കേരള സർക്കാർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

***2024***

# അദ്ധ്യായം 1
# പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂളുകളുടേയും, IHRD യുടെ കീഴിൽ വരുന്ന സംസ്ഥാന ഹയർസെക്കൻഡറി സ്കൂളുകളുടേയും 8,9,10 ക്ലാസ്സുകളിലെ കുട്ടികളുടെ കലോത്സവം."**ആൾ കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം**" എന്ന പേരിൽ അറിയപ്പെടുന്നു.
2. സ്കൂൾ തലത്തിലെ പ്രാഥമിക മത്സരങ്ങൾക്കു ശേഷം സംസ്ഥാന തലത്തിലാണ് മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്.
3. പ്രാഥമിക തലം മുതൽ സംസ്ഥാന തലം വരെയുള്ള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന്റെ പൊതുനിയന്ത്രണം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് ആയിരിക്കും.
4. പ്രാഥമികതല മത്സരങ്ങൾ മുതൽ സംസ്ഥാന തലം വരെയുള്ള മത്സരങ്ങൾക്ക് 100 മാർക്കിനാണ് മാർക്ക് ഇടേണ്ടത്.
5. സ്കൂൾ തലങ്ങളിൽ 60%ന് താഴെ മാർക്ക് ലഭിക്കുന്ന ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല. 60% മുകളിൽ മാർക്ക് കിട്ടുന്ന ഇനങ്ങളെ **A,B,C** എന്നീ മൂന്ന് ഗ്രേഡുകളായി തിരിക്കുന്നതാണ്. ഓരോ ഗ്രേഡിനും താഴെ കാണുന്ന വിധം പോയിന്റ് ലഭിക്കും.

| GRADE | MARKS IN % | POINT |
|---|---|---|
| A | 80% മോ അതിലധികമോ | 5 |
| B | 70% മുതൽ 79% വരെ | 3 |
| C | 60% മുതൽ 69% വരെ | 1 |

6. സ്കൂൾ തലത്തിൽ '**എ**' ഗ്രേഡോടുകൂടി ഫസ്റ്റ് നേടിയ ഒരു കുട്ടിയെ/ഗ്രൂപ്പിനെയാണ് സംസ്ഥാനതല മത്സരങ്ങളിലേയ്ക്ക് അയക്കേണ്ടത്.

സ്കൂൾ തലത്തിൽ ഗ്രൂപ്പ് ഇനങ്ങളിൽ ഒരു ടീം മാത്രമാണ് പങ്കെടുത്തതെങ്കിൽ പ്രസ്തുത ഇനത്തിൽ എ ഗ്രേഡ് ലഭിക്കാതെ സ്റ്റേറ്റ് മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുന്നതല്ല. ഒരു സ്കൂളിൽനിന്ന് പരമാവധി **30** പേർക്ക് മാത്രമേ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അർഹത ഉണ്ടായിരിക്കുകയുള്ളൂ.

7. പൊതു മത്സര ഇനങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരിക്കാം.
8. ഒരു മത്സരാർത്ഥി പരമാവധി 3 വ്യക്തിഗത ഇനങ്ങളിലും 3 ഗ്രൂപ്പ് ഇനങ്ങളിൽ/ പിന്നണിയിൽ മാത്രമേ മത്സരിക്കാവൂ.
9. സംസ്ഥാനതല മത്സരങ്ങളിൽ 60%ന് താഴെ മാർക്ക് കിട്ടിയ ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല. 60% നു മുകളിൽ മാർക്ക് കിട്ടുന്ന ഇനങ്ങളെ A,B,C എന്നീ മൂന്ന് ഗ്രേഡുകളായി തിരിക്കും. ഓരോ ഗ്രേഡിനും താഴെ കാണുന്ന വിധം പോയിന്റ് ലഭിക്കും.

| GRADE | MARKS IN % | POINT | Grace Mark in% |
|---|---|---|---|
| A | 80% മോ അതിലധികമോ | 5 | 5.00% |
| B | 70% മുതൽ 79% വരെ | 3 | 4.00% |
| C | 60% മുതൽ 69% വരെ | 1 | 3.00% |

10. എട്ടാം ക്ലാസ്സിലോ, ഒമ്പതാം ക്ലാസ്സിലോ പഠിക്കുമ്പോൾ സംസ്ഥാന കലോത്സവത്തിൽ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിന് പരിഗണിക്കണമെങ്കിൽ പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. ഒരു മത്സരാർത്ഥിക്ക് എത്ര തവണ ഗ്രേഡുകൾ ലഭിച്ചാലും അവയിലെ ഉന്നതമായ ഒരു ഗ്രേഡ് മാത്രമേ ഗ്രേസ് മാർക്കിന് പരിഗണിക്കുകയുള്ളൂ.
11. എല്ലാ മത്സരാർത്ഥികളുടെയും പിന്നണിയിൽ ഉള്ള കുട്ടികൾക്കും ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കുന്നതാണ്.
12. എൻട്രികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന പോർട്ടൽ വഴി നിശ്ചിത തിയ്യതിക്കു മുമ്പ് ഓൺലൈനായി രജിസ്റ്റർ ചെയ്ത് സംസ്ഥാനതല മത്സരങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. ഓൺലൈനായി ലഭിച്ച എൻട്രികൾക്ക് പിന്നീട് മാറ്റം അനുവദിക്കുന്നതല്ല.
13. സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പിനായി സർക്കാരിൽ നിന്നും ഓരോ വർഷവും 2,00,000/- (രണ്ട് ലക്ഷം) രൂപ വീതം അനുവദിച്ചുവരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അനുമതിയോടെ ഈ തുക ജനറൽ കൺവീനർക്ക് **2203-00-103-99-34-OC-PLAN**

എന്ന ശീർഷകത്തിൽ നിന്നും ട്രഷറി മുഖേന മാറി എടുക്കാവുന്നതാണ്. ഓരോ വിദ്യാലയത്തിൽ നിന്നും 1000/- രൂപ (സ്പെഷ്യൽ ഫീ ഇനത്തിൽ നിന്നും) മേളയുടെ ജനറൽ കൺവീനർക്ക് ഡിമാന്റ് ഡ്രാഫ്റ്റ് ആയി അയച്ചുകൊടുക്കേണ്ടതാണ്. ഇതിനു പുറമെ വിദ്യാർത്ഥി ഒന്നിന് 90/- രൂപ നിരക്കിൽ അധ്യാപക രക്ഷാകർതൃ സമിതിയുടെ ഫണ്ടിൽ നിന്നുള്ള സംഭാവനയും മേളയുടെ ജനറൽ കൺവീനർക്ക് ഡിമാന്റ് ഡ്രാഫ്റ്റ് ആയി അയച്ചുകൊടുക്കേണ്ടതാണ്. മേൽപ്പറഞ്ഞ തുകകളിൽ വരും വർഷങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നിശ്ചയിക്കുന്ന കമ്മിറ്റിക്കായിരിക്കും.

സംസ്ഥാന കലോത്സവത്തിന്റെ ചെലവിലേക്കായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകുന്ന തുക കൂടാതെ പ്രസ്തുത തുകയുടെ 1/3 ഭാഗം IHRD വകുപ്പ്, കലാമേളയുടെ ജനറൽ കൺവീനറുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്. പ്രസ്തുത വിവരം ഐ.എച്ച്.ആർ.ഡി. വകുപ്പിനെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അറിയിക്കേണ്ടതാണ്. ഇതിൽ ഉപരിയായി പ്രതീക്ഷിക്കുന്ന ചെലവ് സംഘാടക സമിതിയുടെ നിർദ്ദേശ പ്രകാരം കണ്ടെത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സംഘാടക സമിതി എടുക്കുന്ന തീരുമാനങ്ങൾ പങ്കെടുക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

# അദ്ധ്യായം 2
# സ്കൂൾതല കലോത്സവം
# (നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ)

1. സ്കൂൾതല കലോത്സവം അതാത് വർഷത്തെ വിദ്യാഭ്യാസ കലണ്ടറോ വകുപ്പ് തലത്തിൽ നിന്നുള്ള ഉത്തരവുകൾ പ്രകാരമോ നടത്തേണ്ടതാണ്.
2. സ്കൂൾതല കലോത്സവ നടത്തിപ്പിന്റെ പൂർണ്ണ ചുമതല സ്കൂളിനാണ്. മത്സര ങ്ങളിൽ പങ്കെടുക്കുന്നതിന് കുട്ടികളിൽ നിന്ന് പ്രവേശന ഫീസ് ഈടാക്കാൻ പാടില്ല.
3. മത്സരങ്ങളുടെ നടത്തിപ്പിനായി PTA കമ്മിറ്റിയുമായി ആലോചിച്ച് PTA ഫണ്ടിൽ നിന്ന് ആവശ്യമായ തുക ചെലവഴിക്കാവുന്നതാണ്.
4. സ്കൂൾ തലത്തിൽ '**എ**' ഗ്രേഡോടുകൂടി ഫസ്റ്റ് നേടിയ ഒരു കുട്ടിയെ/ ഗ്രൂപ്പിനെയാണ് സംസ്ഥാന തല മത്സരങ്ങളിലേയ്ക്ക് അയക്കേണ്ടത്. ഗ്രൂപ്പ് ഇനങ്ങളിൽ ഒരു ടീം മാത്രമേ പങ്കെടുത്തുള്ളുവെങ്കിൽ പ്രസ്തുത ഇനത്തിൽ എ ഗ്രേഡ് ലഭിക്കാതെ സ്റ്റേറ്റ് മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുന്നതല്ല. ഒരു സ്കൂളിൽനിന്ന് പരമാവധി **30** പേർക്ക് മാത്രമേ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അർഹത ഉണ്ടായിരി ക്കുകയുള്ളൂ.
5. ഒരു മത്സര ഇനത്തിൽ എൻട്രികൾ 3 ൽ കുറവാണെങ്കിൽ ആ ഇനത്തിൽ മത്സരം നടത്തേണ്ടതില്ല. പ്രസ്തുത ഇനം അവതരിപ്പിച്ച് ഗ്രേഡ് ചെയ്ത് മാനുവൽ നിബന്ധന പ്രകാരം യോഗ്യമെങ്കിൽ സംസ്ഥാനതല മത്സരത്തിന് അയയ്ക്കാവുന്നതാണ്.
6. മത്സര ഇനങ്ങൾ വിലയിരുത്തുന്നതിന് യോഗ്യരായ വിധികർത്താക്കളെ സൂപ്രണ്ടിന് നിയമിക്കാവുന്നതാണ്.
7. മത്സര ഇനങ്ങളുടെ മൂല്യനിർണ്ണയത്തെപ്പറ്റിയുള്ള പരാതികൾ പരിഹരി ക്കുവാൻ സൂപ്രണ്ട് ചെയർമാനായി അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കണം.

അപ്പീൽ സംബന്ധമായ കാര്യങ്ങൾ മാനുവലിലെ നിർദ്ദേശങ്ങൾ സൂചിപ്പിച്ചതു പ്രകാരമായിരിക്കണം.

8. സംസ്ഥാനതല മത്സരത്തിന് സ്കൂളുകളിൽ നിന്ന് പങ്കെടുക്കേണ്ട മത്സരാർത്ഥികളുടെ എൻട്രി ലിസ്റ്റ് സംസ്ഥാനതല മത്സര ജനറൽ കൺവീനർക്ക് എത്തിച്ചുകൊടുക്കേണ്ട ചുമതല സൂപ്രണ്ടിനാണ്.
9. ഒരു മത്സരാർത്ഥി പരമാവധി 3 വ്യക്തിഗത ഇനങ്ങളിലും 3 ഗ്രൂപ്പ് ഇനങ്ങളിൽ/ പിന്നണിയിൽ മാത്രമേ മത്സരിക്കാവൂ.
10. പൊതുമത്സര ഇനങ്ങൾക്ക് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരിക്കാം.
11. ഓരോ മത്സര ഇനങ്ങളും വിലയിരുത്തുന്നതിന് അതാത് കലകളിൽ പ്രാവിണ്യമുള്ളവരെ ജഡ്ജിമാരായി നിയമിക്കേണ്ടതാണ്.
12. ഒരിനം വിലയിരുത്തുന്നതിന് 3 പേരെ ജഡ്ജിമാരായി നിയമിക്കേണ്ടതാണ്.
13. വിധികർത്താക്കളുടെ പാനലിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കേണ്ടതാണ്. ഒരിനത്തിൽ മത്സരിക്കുന്ന എല്ലാവരേയും വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ തന്നെയായിരിക്കണം.

# അദ്ധ്യായം 3
# സംസ്ഥാനതല കലോത്സവം
# (നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ)

1. മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്കൂൾതലത്തിൽ **A** ഗ്രേഡോടു കൂടി ഫസ്റ്റ് നേടിയ വിദ്യാർത്ഥികളെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. ഗ്രൂപ്പ് ഇനങ്ങളിൽ ഒരു ടീം മാത്രമേ പങ്കെടുത്തുള്ളുവെങ്കിൽ പ്രസ്തുത ഇനത്തിൽ എ ഗ്രേഡ് ലഭിക്കാതെ സ്റ്റേറ്റ് മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുന്നതല്ല.
2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശാനുസരണം സംസ്ഥാനതല കലോത്സവം സംഘടിപ്പിക്കേണ്ടതാണ്.
3. ഒരു മത്സരാർത്ഥി പരമാവധി 3 വ്യക്തിഗത ഇനങ്ങളിലും 3 ഗ്രൂപ്പ് ഇനങ്ങളിൽ/ പിന്നണിയിൽ മാത്രമേ മത്സരിക്കാവൂ.
4. ഒരു മത്സര ഇനത്തിൽ എൻട്രികൾ 3 ൽ കുറവാണെങ്കിൽ ആ ഇനത്തിൽ മത്സരം നടത്തേണ്ടതില്ല. പ്രസ്തുത ഇനം അവതരിപ്പിച്ച് മാനുവൽ നിബന്ധന പ്രകാരം യോഗ്യമെങ്കിൽ ഗ്രേഡ് ചെയ്യാവുന്നതാണ്.
5. പൊതു മത്സര ഇനങ്ങൾക്ക് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരിക്കാം.
6. എൻട്രികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് സ്കൂൾതലത്തിൽ തയ്യാറാക്കി നിശ്ചിത തിയ്യതിക്കു മുമ്പ് സംസ്ഥാന തലത്തിലെ മത്സരങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. ഓൺലൈനായി ലഭിച്ച എൻട്രികൾക്ക് പിന്നീട് മാറ്റം അനുവദിക്കുന്നതല്ല.
7. സംസ്ഥാനതല മത്സരത്തിന് സ്കൂളുകളിൽ നിന്ന് പങ്കെടുക്കേണ്ട മത്സരാർത്ഥികളുടെ എൻട്രി ലിസ്റ്റ് സംസ്ഥാനതല മത്സര ജനറൽ കൺവീനർക്ക് എത്തിച്ചുകൊടുക്കേണ്ട ചുമതല സൂപ്രണ്ടിനാണ്.

8. ഓരോ മത്സര ഇനങ്ങളും വിലയിരുത്തുന്നതിന് അതാത് കലകളിൽ പ്രാവിണ്യ മുള്ളവരെ ജഡ്ജിമാരായി നിയമിക്കേണ്ടതാണ്.
9. ഒരിനം വിലയിരുത്തുന്നതിന് 3 പേരെ ജഡ്ജിമാരായി നിയമിക്കണം.
10. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കണം. വിധികർത്താക്കളെ ചോദ്യം ചെയ്യുകയും, അവഹേളിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന മത്സരാർത്ഥികളെ അയോഗ്യരാക്കുകയും ശിക്ഷണ നടപടികൾ സ്വീകരിക്കുകയും, മത്സരാർത്ഥികൾ അല്ലാത്തവരെ ക്രിമിനൽ കുറ്റം ചുമത്തി നടപടി എടുക്കുകയും ചെയ്യേണ്ട ചുമതല സംസ്ഥാനതല മത്സര ജനറൽ കൺവീനറിൽ നിക്ഷിപ്തമാണ്.
11. മത്സരം തുടങ്ങുന്നതിന് മുമ്പായി വിധികർത്താക്കളായി പ്രവർത്തിക്കുന്ന വരുടെ പേര്, യോഗ്യത തുടങ്ങിയ വിവരങ്ങൾ വേദിയിൽ പ്രഖ്യാപി ക്കേണ്ടതാണ്.
12. മത്സര ഇനങ്ങളുടെ മൂല്യനിർണ്ണയത്തെപ്പറ്റിയുള്ള പരാതികൾ പരിഹരിക്കാൻ അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കണം. അപ്പീൽ കമ്മിറ്റിയിൽ മത്സര ഇനങ്ങളുടെ സാങ്കേതികവും നിയമപരവുമായ കാര്യങ്ങളാണ് പരിഹരിക്കേണ്ടത്. പുനർ മൂല്യനിർണ്ണയവും പുനരവതരണവും നടത്തേണ്ടതില്ല. അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നിശ്ചിതഫോറവും (അനുബന്ധം-3) അപ്പീൽ തീർപ്പാക്കു ന്നതിന് കാര്യകാരണ വിശകലന സഹിതമായ നടപടി ഉത്തരവിനുള്ള നിശ്ചിതഫോറവും (അനുബന്ധം 4) അനുബന്ധമായി ചേർത്തപ്രകാരമായി രിക്കണം.
13. അപ്പീൽ കൊടുക്കുന്ന വിദ്യാർത്ഥി/ഗ്രൂപ്പ്, ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറി നകം അപ്പീൽ ഫീസ് 1000/- രൂപ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്.
14. വിധികർത്താക്കളേയും അപ്പീൽ കമ്മിറ്റി അംഗങ്ങളേയും നിയമിക്കുമ്പോൾ അവരുടെ ബയോഡേറ്റയും അനുബന്ധമായി (അനുബന്ധം 2) ചേർത്ത പ്രകാരമുള്ള സത്യപ്രസ്താവനയും എഴുതി വാങ്ങിയിരിക്കണം.
15. എല്ലാ മത്സരങ്ങളുടെയും പിന്നണിയിൽ ഉള്ള കുട്ടികൾക്കും ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കും.
16. മത്സരം കഴിഞ്ഞാലുടൻ സ്റ്റേജ് മാനേജർ വിധികർത്താക്കളുടെ സാന്നിധ്യ ത്തിൽ മാർക്കുകൾ ടാബുലേറ്റ് ചെയ്ത് ഫലം അതാത് സ്റ്റേജിൽ വിധികർത്താ ക്കളിലൊരാൾ പ്രഖ്യാപിക്കണം. ടോപ്പ് സ്കോർ നേടിയ കോഡും ഗ്രേഡും മറ്റ് ഗ്രേഡുകളും അവയുടെ കോഡും പ്രഖ്യാപിക്കണം.

17. ഗ്രൂപ്പിനമത്സരങ്ങളുടെ അവതരണക്രമം മത്സരം തുടങ്ങുന്നതിന് മുമ്പ് നറുക്കിട്ട് തീരുമാനിക്കേണ്ടതാണ്.
18. മത്സര ഇനത്തിന്റെ അവതരണക്രമം പ്രോഗ്രാം കമ്മിറ്റിയും ടീം മാനേജരും കൂടിയാലോചിച്ച് മുൻകൂറായി തയ്യാറാക്കി പരസ്യപ്പെടുത്തേണ്ടതാണ്. പിന്നീട് അതിൽ മാറ്റം അനുവദിക്കുന്നതല്ല.
19. സ്റ്റേജിൽ ഇടവേള വരാതെ മത്സരാർത്ഥിയെ കൃത്യസമയത്ത് പങ്കെടുപ്പിക്കേണ്ട ചുമതല ടീം മാനേജറിൽ നിക്ഷിപ്തമാണ്.
20. ഒരു സ്കൂളിൽ നിന്നും പരമാവധി 5 ഗ്രൂപ്പ് ഇനങ്ങളിൽ മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

*****

# അദ്ധ്യായം 4
# മത്സര ഇനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ

1. മത്സര ഇനങ്ങൾ താഴെ കൊടുത്തിരിക്കുന്നതുപോലെ 12 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.
2. സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെ താഴെ പറയുന്ന രീതിയിൽ മാത്രമേ മത്സര ഇനങ്ങൾ നടത്താവൂ.
3. പൊതു മത്സര ഇനങ്ങൾക്ക് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പങ്കെടുക്കാവുന്നതാണ്.
4. സ്കൂൾ തലത്തിൽ '**എ**' ഗ്രേഡോടുകൂടി ഫസ്റ്റ് നേടിയ ഒരു കുട്ടിയെ/ ഗ്രൂപ്പിനെ യാണ് സംസ്ഥാന തല മത്സരങ്ങളിലേയ്ക്ക് അയക്കേണ്ടത്. ഗ്രൂപ്പ് ഇനങ്ങളിൽ ഒരു ടീം മാത്രമേ പങ്കെടുത്തുള്ളുവെങ്കിൽ പ്രസ്തുത ഇനത്തിൽ എ ഗ്രേഡ് ലഭിക്കാതെ സ്റ്റേറ്റ് മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരി ക്കുന്നതല്ല. ഒരു സ്കൂളിൽനിന്ന് പരമാവധി **30** പേർക്ക് മാത്രമേ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അർഹത ഉണ്ടായിരിക്കുകയുള്ളൂ.
5. ഒരു മത്സരാർത്ഥി പരമാവധി 3 വ്യക്തിഗത ഇനങ്ങളിലും 3 ഗ്രൂപ്പ് ഇനങ്ങളിൽ/ പിന്നണിയിൽ മാത്രമേ മത്സരിക്കാവൂ.
6. ഒരു മത്സര ഇനത്തിൽ എൻട്രികൾ 3 ൽ കുറവാണെങ്കിൽ ആ ഇനത്തിൽ മത്സരം നടത്തുന്നതല്ല. ഗ്രേഡ് ചെയ്ത് യോഗ്യമെങ്കിൽ ഉയർന്നതല മത്സരത്തിന് കുട്ടിയെ/ഗ്രൂപ്പിനെ അയക്കേണ്ടതാണ്.
7. സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള കലോത്സവങ്ങൾ അതാതു വർഷത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള അക്കാഡമിക് കലണ്ടർ പ്രകാരമോ സർക്കാരിൽ നിന്നുള്ള ഉത്തരവുകൾ പ്രകാരമോ നടത്തേണ്ടതാണ്.

8. മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കുട്ടികളിൽ നിന്ന് പ്രവേശന ഫീസ് ഈടാക്കാൻ പാടില്ല.
9. ഓരോ മത്സര ഇനങ്ങളും വിലയിരുത്തുന്നതിന് അതാത് കലകളിൽ പ്രാവിണ്യമുള്ളവരെ ജഡ്ജിമാരായി നിയമിക്കേണ്ടതാണ്.
10. വിധികർത്താക്കളുടെ പാനലിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കേണ്ടതാണ്. ഒരിനത്തിൽ മത്സരിക്കുന്ന എല്ലാവരേയും വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ തന്നെയായിരിക്കും.
11. ഒരിനം വിലയിരുത്തുന്നതിന് 3 പേരെ ജഡ്ജിമാരായി നിയമിക്കണം.
12. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കണം. വിധികർത്താക്കളെ ചോദ്യം ചെയ്യുകയും, അവഹേളിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന മത്സരാർത്ഥികളെ അയോഗ്യരാക്കുകയും ശിക്ഷണ നടപടികൾ സ്വീകരിക്കുകയും മത്സരാർത്ഥികൾ അല്ലാത്തവരെ ക്രിമിനൽ കുറ്റം ചുമത്തി നടപടി എടുക്കുകയും ചെയ്യേണ്ട ചുമതല സംസ്ഥാനതല ജനറൽ കൺവീനറിൽ നിക്ഷിപ്തമാണ്.
13. മത്സരം തുടങ്ങുന്നതിന് മുമ്പായി വിധികർത്താക്കളായി പ്രവർത്തിക്കുന്നവരുടെ പേര്, യോഗ്യത തുടങ്ങിയ വിവരങ്ങൾ വേദിയിൽ പ്രഖ്യാപിക്കേണ്ടതാണ്.
14. മത്സര ഇനങ്ങളുടെ മൂല്യനിർണ്ണയത്തെപ്പറ്റിയുള്ള പരാതികൾ പരിഹരിക്കാൻ അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കണം. അപ്പീൽ കമ്മിറ്റിയിൽ മത്സര ഇനങ്ങളുടെ സാങ്കേതികവും നിയമപരവുമായ കാര്യങ്ങളാണ് പരിഹരിക്കേണ്ടത്. പുനർമൂല്യനിർണ്ണയവും പുനരവതരണവും നടത്തേണ്ടതില്ല. അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നിശ്ചിതഫോറവും (അനുബന്ധം-3) അപ്പീൽ തീർപ്പാക്കുന്നതിന് കാര്യകാരണ വിശകലന സഹിതമായ നടപടി ഉത്തരവിനുള്ള നിശ്ചിതഫോറവും (അനുബന്ധം 4) അനുബന്ധമായി ചേർത്ത പ്രകാരമായിരിക്കണം.
15. അപ്പീൽ കൊടുക്കുന്ന വിദ്യാർത്ഥി/ഗ്രൂപ്പ്, ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം അപ്പീൽ ഫീസ് 1000/- രൂപ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്.
16. വിധികർത്താക്കളേയും അപ്പീൽ കമ്മിറ്റി അംഗങ്ങളേയും നിയമിക്കുമ്പോൾ അവരുടെ ബയോഡേറ്റയും അനുബന്ധം 2 പ്രകാരമുള്ള സത്യപ്രസ്താവനയും എഴുതി വാങ്ങിയിരിക്കണം.
17. മത്സരം കഴിഞ്ഞാലുടൻ സ്റ്റേജ് മാനേജർ വിധികർത്താക്കളുടെ സാന്നിധ്യത്തിൽ മാർക്കുകൾ ടാബുലേറ്റ് ചെയ്ത് ഫലം അതാത് സ്റ്റേജിൽ വിധികർത്താ

ക്കളിലൊരാൾ പ്രഖ്യാപിക്കണം. ടോപ്പ് സ്കോർ നേടി 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കിയവരുടെ കോഡും ഗ്രേഡും മറ്റ് ഗ്രേഡുകളും അവയുടെ കോഡും പ്രഖ്യാപിക്കണം.

18. ഗ്രൂപ്പിന മത്സരങ്ങളുടെ അവതരണക്രമം മുൻകൂട്ടി നറുക്കിട്ട് തീരുമാനി ക്കേണ്ടതാണ്.

## വ്യക്തിഗത ഇനങ്ങൾ

### വിഭാഗം-1

| ഇനം | സമയം | |
|---|---|---|
| 1. ചിത്ര രചന-പെൻസിൽ | 120 മിനിറ്റ് | പൊതു മത്സരം |
| 2. ചിത്ര രചന-ജലച്ഛായം | 120 മിനിറ്റ് | പൊതു മത്സരം |
| 3. കാർട്ടൂൺ | 60 മിനിറ്റ് | പൊതു മത്സരം |

- രചനാ മത്സരങ്ങൾക്ക് ആവശ്യമായ പേപ്പർ മാത്രമേ സംഘാടകർ നൽകുകയുള്ളൂ. മത്സരത്തിന്റെ പ്രമേയം വിധികർത്താക്കൾ നിശ്ചയിക്കുന്ന താണ്. ഈ വിഭാഗത്തിൽപ്പെട്ട മത്സരങ്ങൾ കഴിയുന്നതും ആദ്യ ദിവസം തന്നെ നടത്തേണ്ടതാണ്. കുട്ടികളുടെ രചനകൾ പൊതുജനങ്ങൾക്ക് കാണുന്നതിനായി പ്രദർശിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കേണ്ടതാണ്.

### വിഭാഗം-2

| ഇനം | സമയം | |
|---|---|---|
| 1. ശാസ്ത്രീയ സംഗീതം (ആൺ) | 10 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 2. ശാസ്ത്രീയ സംഗീതം (പെൺ) | 10 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |

- ശാസ്ത്രീയ സംഗീതത്തിന് ശ്രുതി ഉപയോഗിക്കാവുന്നതാണ്. വിദ്യാർത്ഥി കൾക്ക് ഇഷ്ടമുള്ള രാഗം ആലപിക്കാവുന്നതാണ്.

## വിഭാഗം -3

| ഇനം | സമയം | |
|---|---|---|
| 1. ലളിതഗാനം (ആൺ) | 5 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 2. ലളിതഗാനം (പെൺ) | 5 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |
| 3. മാപ്പിളപ്പാട്ട് (ആൺ) | 5 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 4. മാപ്പിളപ്പാട്ട് (പെൺ) | 5 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |

- ലളിതഗാന മത്സരത്തിന് ക്ലാസിക്കൽ, സിനിമാഗാനം എന്നിവ അനുവദിക്കുന്നതല്ല. ലളിതഗാനം നോക്കി വായിക്കാൻ പാടില്ല.

## വിഭാഗം-4

| ഇനം | സമയം | |
|---|---|---|
| 1. വയലിൻ(പാശ്ചാത്യം) | 10 മിനിറ്റ് | പൊതു മത്സരം |
| 2. വയലിൻ(പൗരസ്ത്യം) | 10 മിനിറ്റ് | പൊതു മത്സരം |
| 3. തബല | 10 മിനിറ്റ് | പൊതു മത്സരം |
| 4. ഗിത്താർ | 10 മിനിറ്റ് | പൊതു മത്സരം |
| 5. മൃദംഗം | 10 മിനിറ്റ് | പൊതു മത്സരം |
| 6. ഓടക്കുഴൽ | 10 മിനിറ്റ് | പൊതു മത്സരം |
| 7. ചെണ്ട (തായമ്പക) (1+5) (പിന്നണി കുട്ടികൾ ആയിരിക്കണം) | 10 മിനിറ്റ് | പൊതു മത്സരം |

## വിഭാഗം-5

| ഇനം | സമയം | |
|---|---|---|
| 1. ഓട്ടൻതുള്ളൽ (ആൺ) | 10 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 2. ഓട്ടൻതുള്ളൽ (പെൺ) | 10 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |
| 3. നാടോടിനൃത്തം(ആൺ) | 5 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 4. നാടോടിനൃത്തം(പെൺ) | 5 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |

## വിഭാഗം-6

| ഇനം | സമയം | |
|---|---|---|
| 1. ഭരതനാട്യം(ആൺ) | 10 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 2. ഭരതനാട്യം(പെൺ) | 10 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |
| 3. കുച്ചുപ്പുടി(ആൺ) | 10 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 4. കുച്ചുപ്പുടി(പെൺ) | 10 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |
| 5. മോഹിനിയാട്ടം(പെൺ) | 10 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |

- ഓട്ടംതുള്ളലിന് പിൻപാട്ടും പിന്നണിയും കുട്ടികൾ തന്നെ കൈകാര്യം ചെയ്യണം എന്ന് നിർബ്ബന്ധമില്ല. റിക്കാർഡ് ചെയ്ത CD/കാസറ്റുകൾ പാടില്ല.
- നാടോടി നൃത്തത്തിന് തെരഞ്ഞെടുക്കുന്നത് നാടൻ നൃത്തത്തിന് അനുയോജ്യമായ രൂപവും വേഷവിധാനവുമായിരിക്കണം. ആഡംബരം കഴിയുന്നതും കുറയ്ക്കണം. നാടോടിത്തനിമ കാത്തുസൂക്ഷിക്കണം. രംഗസജ്ജീകരണം ആവശ്യമില്ല.
- നാടോടി നൃത്തം, ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, സംഘനൃത്തം എന്നീ മത്സര ഇനങ്ങൾക്ക് പിന്നണിയിൽ റിക്കോർഡ് ചെയ്ത സി.ഡി./ പെൻഡ്രൈവ് എന്നിവ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു.

## വിഭാഗം-7

| ഇനം | സമയം | |
|---|---|---|
| 1. പ്രസംഗം (മലയാളം) | 5 മിനിറ്റ് | പൊതു മത്സരം |
| 2. പ്രസംഗം (English) | 5 മിനിറ്റ് | പൊതു മത്സരം |
| 3. ഉപന്യാസം (മലയാളം) | 60 മിനിറ്റ് | പൊതു മത്സരം |
| 4. ഉപന്യാസം (English) | 60 മിനിറ്റ് | പൊതു മത്സരം |
| 5. കഥാരചന (മലയാളം) | 90 മിനിറ്റ് | പൊതു മത്സരം |
| 6. കഥാരചന (English) | 90 മിനിറ്റ് | പൊതു മത്സരം |
| 7. കവിതാരചന (മലയാളം) | 90 മിനിറ്റ് | പൊതു മത്സരം |
| 8. കവിതാരചന (English) | 90 മിനിറ്റ് | പൊതു മത്സരം |

## വിഭാഗം -8

| ഇനം | സമയം | |
|---|---|---|
| 1. പദ്യം ചൊല്ലൽ (മലയാളം) (ആൺ) | 5 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 2. പദ്യം ചൊല്ലൽ(മലയാളം) (പെൺ) | 5 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |
| 3. പദ്യം ചൊല്ലൽ (English) (ആൺ) | 5 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 4. പദ്യം ചൊല്ലൽ (English) (പെൺ) | 5 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |

- പ്രസംഗ മത്സരത്തിനുള്ള വിഷയം മത്സരത്തിന് 15 മിനിറ്റ് മുമ്പ് വിധികർത്താക്കൾ നിശ്ചയിച്ച് നൽകുന്നതാണ്. പ്രസംഗം നോക്കി വായിക്കാൻ പാടില്ല.
- പദ്യം ചൊല്ലലിന് അമിത സംഗീതം പാടില്ല. കവിയെപ്പറ്റിയും കവിതയെ പറ്റിയും ചുരുങ്ങിയ വാക്കുകളിൽ മുഖവുര പറയാം. പദ്യം ചൊല്ലൽ നോക്കി വായിക്കാൻ പാടില്ല.

## വിഭാഗം-9

| ഇനം | സമയം | |
|---|---|---|
| 1.മോണോ ആക്ട്(ആൺ) | 5 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 2.മോണോ ആക്ട്(പെൺ) | 5 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |
| 3.മിമിക്രി (ആൺ) | 5 മിനിറ്റ് | ആൺകുട്ടികൾക്ക് മാത്രം |
| 4.മിമിക്രി (പെൺ) | 5 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |
| 5.കഥാപ്രസംഗം(മലയാളം)(1+4) | 15 മിനിറ്റ് | പൊതു മത്സരം |

- ഒരു വ്യക്തി തന്നെ രണ്ടോ അതിലധികമോ കഥാപാത്രങ്ങളുടെ ഭാഗം അഭിനയിക്കുന്നതാണ് മോണോ ആക്ട്. അത് ശബ്ദാനുകരണം (മിമിക്രി) മാത്രമാകാൻ പാടില്ല. ആക്ഷേപകരമായ പരാമർശങ്ങൾ ഒഴിവാക്കണം.
- മിമിക്രി മത്സരത്തിൽ ആക്ഷേപവും അപഹാസ്യവുമായ പരാമർശങ്ങൾ ഒഴിവാക്കണം.
- കഥാപ്രസംഗത്തിന് പിന്നണിയിൽ ഹാർമോണിയം/ തബല/മൃദംഗം, സിംബൽ & ടൈമിങ്ങ് തുടങ്ങിയ ഏതെങ്കിലും താള ഉപകരണം (താംബരിൻ/ കൈമണി)

എന്നിവ ഉപയോഗിക്കാം. ഇലക്ട്രോണിക് വാദ്യോപകരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. പിന്നണിയിൽ കുട്ടികൾ തന്നെ ആയിരിക്കണം. പരമാവധി 4 കുട്ടികൾ വരെ പിന്നണിയിൽ ആകാം.

## ഗ്രൂപ്പ് ഇനങ്ങൾ

**വിഭാഗം-10**

| ഇനം | സമയം | |
|---|---|---|
| 1.തിരുവാതിരക്കളി 10 പേർ (പെൺ) | 10 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |
| 2.സംഘനൃത്തം 7 പേർ (പെൺ) | 10 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |
| 3.ഒപ്പന 10 പേർ (പെൺ) | 10 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |
| 4.മാർഗ്ഗംകളി 7 പേർ (പെൺ) | 10 മിനിറ്റ് | പെൺകുട്ടികൾക്ക് മാത്രം |

- തിരുവാതിരക്കളിക്ക് 8 പേർ കളിക്കുന്നതിനും 2 പേർ പിൻപാട്ടിനും ആയിരിക്കണം. ലളിതമായ കേരളീയ വേഷവിധാനമായിരിക്കണം. കലാരൂപത്തിന്റെ തനിമ നിലനിർത്തണം. കുട്ടികൾ തന്നെ പാടി കളിക്കണം. റിക്കാർഡ് ചെയ്ത കാസറ്റുകൾ പാടില്ല. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം (ഇവ സംഘാടകർ നൽകണം). 10 പേരും സ്റ്റേജിൽ അണിനിരക്കണം.
- സംഘനൃത്തത്തിന് അനുവദിക്കുന്ന പരമാവധി സമയം 10 മിനിറ്റാണ്. ഇന്ത്യൻ പരമ്പരാഗത ശൈലിയിലുള്ള സംഘനൃത്തം ആയിരിക്കണം. ശാസ്ത്രീയ നൃത്തം, ബാലെ നൃത്തം എന്നിവ അനുവദിക്കുന്നതല്ല. <u>പിന്നണിയിൽ സി.ഡി./പെൻഡ്രൈവ് എന്നിവ മാത്രമേ അനുവദിക്കുകയുള്ളൂ.</u>
- ഒപ്പനയ്ക്ക് പക്കമേളമോ, പിന്നണിയോ പാടില്ല. പിൻപാട്ടും വേണം. മറ്റുള്ളവർ ഏറ്റുപാടണം. പാട്ടും താളത്തിനൊത്ത കയ്യടിയുമാണ് മുഖ്യ ഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കയ്യടിയും ചുറ്റിക്കളിയും ആകാം. 6 പേർ കളിക്കുകയും ഒരാൾ മണവാട്ടിയും, 3 പേർ പാടുകയും ചെയ്യണം. 10 പേരും സ്റ്റേജിൽ അണിനിരക്കണം. റിക്കാർഡ് ചെയ്ത കാസറ്റുകൾ പാടില്ല.
- മൂന്ന് മുതൽ മൂന്നര മീറ്റർ നീളമുള്ള മുണ്ടാണ് മാർഗ്ഗംകളിക്ക് ഉപയോഗിക്കേണ്ടത്. 24 ഞൊറികളുള്ള അടുക്കുണ്ടായിരിക്കണം. ഒപ്പനക്ക് ഉപയോഗിക്കുന്ന ചട്ട മാർഗ്ഗം കളിക്ക് പാടില്ല. ക്രമമനുസരിച്ചുള്ള 14 പാദവും കളിക്കേണ്ടതില്ല. എന്നാൽ പാദങ്ങൾ ക്രമംതെറ്റാതെ കളിക്കണം. 5 തിരിയോ

7 തിരിയോ ഉള്ള കുരിശുള്ള വിളക്കാണ് വേണ്ടത്. നിലവിളക്ക് സംഘാടകർ നൽകണം. തനതായ വേഷമായിരിക്കണം. നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. മറ്റു സംഗീത ഉപകരണങ്ങളോ പിന്നണിയോ പാടില്ല.

**വിഭാഗം-11**

| ഇനം | സമയം | |
|---|---|---|
| 1. ഗാനമേള 7 പേർ | 10 മിനിറ്റ് | പൊതു മത്സരം |
| 2. നാടകം (7ഉം) 3 പേർ പിന്നണി | 30 മിനിറ്റ് | പൊതു മത്സരം |
| 3. ദേശഭക്തി ഗാനം 7 പേർ | 5 മിനിറ്റ് | പൊതു മത്സരം |
| 4. നാടൻ പാട്ട് (7 പേർ) | 10 മിനിറ്റ് | പൊതു മത്സരം |

- ഗാനമേള സംഘത്തിൽ ആൺകുട്ടികളും പെൺകുട്ടികളുമാകാം. ശ്രുതി ഉപയോഗിക്കാവുന്നതാണ്. സിനിമാഗാനം അനുവദനീയമല്ല. വാദ്യോപകരണങ്ങൾ കുട്ടികൾതന്നെ കൈകാര്യം ചെയ്യേണ്ടതാണ്.
- നാടകത്തിൽ ഒരു ഏകാങ്ക നാടകമോ, വലിയ നാടകത്തിന്റെ തിരഞ്ഞെടുത്ത ഭാഗങ്ങളോ ആകാം. പിന്നണിയിൽ (3 പേർ) വിദ്യാർത്ഥികൾ തന്നെ ആയിരിക്കണം. നല്ല നടനേയും നടിയേയും തെരഞ്ഞെടുത്ത് സമ്മാനം നൽകണം. പിന്നണിയിൽ സി.ഡി./പെൻഡ്രൈവ് ഉപയോഗിക്കാവുന്നതാണ്. മത്സരം ആരംഭിച്ചു കഴിഞ്ഞാൽ അത് അവസാനിക്കുന്നതു വരെ കുട്ടികളെ മാത്രമേ നാടകം അവതരിപ്പിക്കുന്നതിന് സഹായിക്കാൻ അനുവദിക്കുകയുള്ളൂ.
- ദേശഭക്തി ഗാനത്തിൽ ദേശീയോദ്ഗ്രഥന സന്ദേശമുൾക്കൊള്ളുന്ന ഗാനങ്ങളാണ് ആലപിക്കേണ്ടത്. മലയാള ഗാനങ്ങൾതന്നെ ആയിരിക്കണമെന്നില്ല.
- നാടൻപാട്ട് മത്സരത്തിൽ പാട്ടിന്റെ പാരമ്പര്യം സ്റ്റേജിൽ പറയണം. വാമൊഴിയായി കിട്ടിയ പാട്ടുകൾ മാത്രമേ ഉപയോഗിക്കാവൂ. (അനുഷ്ഠാനപ്പാട്ടുകൾ, ഉത്സവപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, കളിപ്പാട്ടുകൾ), പ്രാദേശികമായ തനതു വാദ്യോപകരണങ്ങൾ കുട്ടികൾതന്നെ ഉപയോഗിക്കണം. പിന്നണി പാടില്ല. ഇലക്ട്രോണിക് ഉപകരണങ്ങളോ, കരോക്കോ, സി.ഡി. സംവിധാനങ്ങളോ ഉപയോഗിക്കാൻ പാടില്ല. വേഷസംവിധാനങ്ങൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.

**വിഭാഗം-12**

| ഇനം | സമയം | |
|---|---|---|
| 1. കോൽക്കളി 12 പേർ | 10 മിനിറ്റ് | ആൺകുട്ടികൾ മാത്രം |
| 2. വട്ടപ്പാട്ട് 10 പേർ | 10 മിനിറ്റ് | ആൺകുട്ടികൾ മാത്രം |

- കോൽക്കളിക്ക് ഇമ്പമാർന്ന പുരാതന മാപ്പിളപ്പാട്ടുകളുടെ ഈണത്തിനൊപ്പിച്ച് മെയ് വഴക്കത്തോടെ ചുവടൊപ്പിച്ച് ചാഞ്ഞും ചരിഞ്ഞും മറിഞ്ഞും കൃത്യമായ വായ്ത്താരിയും കോലടിയും താളവും പിടിച്ച് പങ്കെടുക്കുന്നവർ തന്നെ പാടണം. പിന്നണിയോ പുറമേ നിന്നുതാളം പറയാനോ പാടില്ല. 12 പേർ വേണം. കോൽ പെണയുടെ താളം അവതരിപ്പിക്കുന്ന കളികളുടെ മുൻതാളവും വായ്ത്താരിയും ഓരോ കളിയിലും തുടക്കം മുതൽ അവസാനം വരെ ക്രമത്തിലും പാരമ്പര്യരീതി അനുസരിച്ചും അവതരിപ്പിക്കണം. ഓരോകളിയുടെ അവസാനത്തിലും അടക്കത്താളമായി അവതരിപ്പിക്കുന്ന മിൽഫോക്കും കൊടുത്തോപോക്കും കളിയുടെ പ്രാരംഭഘട്ടത്തിൽ അവതരിപ്പിക്കാൻ പാടുള്ളതല്ല.

- വട്ടപ്പാട്ടിന് പക്കമേളമോ, പിന്നണിയോ പാടില്ല. പിൻപാട്ടും വേണം. മറ്റുള്ളവർ ഏറ്റുപാടണം. പാട്ടും താളത്തിനൊത്ത കയ്യടിയുമാണ് മുഖ്യ ഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കയ്യടിയും ചുറ്റിക്കളിയും ആകാം. 6 പേർ കളിക്കുകയും ഒരാൾ മണവാളനായും, 3 പേർ പാടുകയും ചെയ്യണം. 10 പേരും സ്റ്റേജിൽ അണിനിരക്കണം. റിക്കാർഡ് ചെയ്ത കാസറ്റുകൾ പാടില്ല.

1. **<u>ചിത്ര രചന-പെൻസിൽ</u>**

   സമയം 120 മിനിറ്റ്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും.

2. **<u>ചിത്ര രചന-ജലച്ഛായം</u>**

   സമയം 120 മിനിറ്റ്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും.

3. **<u>കാർട്ടൂൺ</u>**

   സമയം 60 മിനിറ്റ്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും

4. **ശാസ്ത്രീയ സംഗീതം (ആൺ)**

പരമാവധി സമയം 10 മിനിറ്റ്. സിനിമാഗാനങ്ങൾ അനുവദിക്കുന്നതല്ല. രാഗം, സമ്മിശ്രണം എന്നിവ തെരഞ്ഞെടുക്കുന്നത് അതിപ്രാധാന്യത്തോടെ ആയിരിക്കണം. സ്വരലയ താളങ്ങൾ, രാഗങ്ങളുടെ സമ്മിശ്രണം തുടങ്ങി എല്ലാ പ്രകടനങ്ങളും കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

5. **ശാസ്ത്രീയ സംഗീതം (പെൺ)**

പരമാവധി സമയം 10മിനിറ്റ്. സിനിമാഗാനങ്ങൾ അനുവദിക്കുന്നതല്ല. രാഗം, സമ്മിശ്രണം എന്നിവ തെരഞ്ഞെടുക്കുന്നത് അതിപ്രാധാന്യത്തോടെ ആയിരിക്കണം. സ്വരലയ താളങ്ങൾ, രാഗങ്ങളുടെ സമ്മിശ്രണം തുടങ്ങി എല്ലാ പ്രകടനങ്ങളും കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

6. **ലളിതഗാനം (ആൺ)**

സമയം 5 മിനിറ്റ്. സിനിമാഗാനം ആകരുത്.

7. **ലളിതഗാനം (പെൺ)**

സമയം 5 മിനിറ്റ്. സിനിമാഗാനം ആകരുത്.

8. **മാപ്പിളപ്പാട്ട് (ആൺ)**

സമയം 5 മിനിറ്റ്.

9. **മാപ്പിളപ്പാട്ട് (പെൺ)**

സമയം 5 മിനിറ്റ്.

10. **വയലിൻ (പാശ്ചാത്യം)**

സമയം 10 മിനിറ്റ്. മത്സരാർത്ഥികൾ ഉപകരണം കൊണ്ടുവരേണ്ടതാണ്.

11. **വയലിൻ (പൗരസ്ത്യം)**

സമയം 10 മിനിറ്റ്. മത്സരാർത്ഥികൾ ഉപകരണം കൊണ്ടുവരേണ്ടതാണ്. ഹിന്ദുസ്ഥാനിയോ കർണ്ണാട്ടിക്കോ ആകാവുന്നതാണ്.

12. **തബല**

പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഹിന്ദുസ്ഥാനിയോ കർണ്ണാട്ടിക്കോ ആകാവുന്നതാണ്. പരമാവധി സമയം 10 മിനിറ്റ്.

**13. ഗിത്താർ**

പരമാവധി സമയം 10 മിനിറ്റ്. പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഇന്ത്യൻ/ പാശ്ചാത്യ സംഗീതത്തിൽ ഇനം അവതരിപ്പിക്കാവുന്നതാണ്. താളസംയോജനം, ടെക്നിക്, ഉപകരണത്തിലുള്ള പ്രാവിണ്യം, മൊത്തത്തിലുള്ള പ്രകടനം എന്നിവ കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

**14. മൃദംഗം**

പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഹിന്ദുസ്ഥാനിയോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 10 മിനിറ്റ്. സ്റ്റേജ് ഒരുക്കങ്ങൾക്കായി 5 മിനിറ്റ് അനുവദിക്കാവുന്നതാണ്.

**15. ഓടക്കുഴൽ**

പങ്കെടുക്കുന്നവർ വാദ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഹിന്ദുസ്ഥാനിയോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 10 മിനിറ്റ്.

**16. ചെണ്ട**

ചെണ്ടയ്ക്ക് (തായമ്പക) അനുസാരി വാദ്യങ്ങളാകാം. എന്നാൽ, ഇവ കൈകാര്യം ചെയ്യുന്നത് കുട്ടികൾതന്നെയായിരിക്കണം. (രണ്ട് ഇലത്താളം, രണ്ട്/ഒന്ന് ഇടംതല, ഒന്ന്/രണ്ട് വലംതല എന്നിങ്ങനെ 5 പേരും ഒരു മേളപ്രമാണിയും.)

**17. ഓട്ടൻതുള്ളൽ (ആൺ)**

സമയം 10 മിനിറ്റ്. ഓട്ടൻ തുള്ളലിന് പിൻപാട്ടും പിന്നണിയും കുട്ടികൾ തന്നെ കൈകാര്യം ചെയ്യണം എന്ന് നിർബ്ബന്ധമില്ല. റിക്കാർഡ് ചെയ്ത CD/ പെൻഡ്രൈവ് പാടില്ല.

**18. ഓട്ടൻതുള്ളൽ (പെൺ)**

സമയം 10 മിനിറ്റ്. ഓട്ടൻ തുള്ളലിന് പിൻപാട്ടും പിന്നണിയും കുട്ടികൾ തന്നെ കൈകാര്യം ചെയ്യണം എന്ന് നിർബ്ബന്ധമില്ല. റിക്കാർഡ് ചെയ്ത CD/പെൻഡ്രൈവ് പാടില്ല.

**19. <u>നാടോടിനൃത്തം (ആൺ)</u>**

സമയം 5 മിനിറ്റ്. പരമ്പരാഗത നൃത്തരൂപങ്ങൾ ആയിരിക്കണം. പിന്നണിയിൽ സി.ഡി./പെൻഡ്രൈവ് അനുവദനീയമാണ്. താളം, രാഗം, അഭിനയം, ഭാവപ്രകടനം, അലങ്കാരം തുടങ്ങി എല്ലാ പ്രകടനങ്ങളും കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

**20. <u>നാടോടിനൃത്തം (പെൺ)</u>**

സമയം 5 മിനിറ്റ്. പരമ്പരാഗത നൃത്തരൂപങ്ങൾ ആയിരിക്കണം. പിന്നണിയിൽ സി.ഡി./ പെൻഡ്രൈവ് അനുവദനീയമാണ്. താളം, രാഗം, അഭിനയം, ഭാവപ്രകടനം, അലങ്കാരം തുടങ്ങി എല്ലാ പ്രകടനങ്ങളും കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

**21. <u>ഭരതനാട്യം (ആൺ)</u>**

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 10 മിനിറ്റാണ്. പിന്നണിയിൽ സി.ഡി./പെൻഡ്രൈവ് മാത്രമേ അനുവദിക്കുകയുള്ളു. താളം, രാഗം, അഭിനയം, ഭാവപ്രകടനം, അലങ്കാരം തുടങ്ങി എല്ലാ പ്രകടനങ്ങളും കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

**22. <u>ഭരതനാട്യം (പെൺ)</u>**

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 10 മിനിറ്റാണ്. പിന്നണിയിൽ സി.ഡി./പെൻഡ്രൈവ് മാത്രമേ അനുവദിക്കുകയുള്ളു. താളം, രാഗം, അഭിനയം, ഭാവപ്രകടനം, അലങ്കാരം തുടങ്ങി എല്ലാ പ്രകടനങ്ങളും കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

**23. <u>കുച്ചുപ്പുടി (ആൺ</u>)**

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 10 മിനിറ്റാണ്. പിന്നണിയിൽ സി.ഡി./പെൻഡ്രൈവ് മാത്രമേ അനുവദിക്കുകയുള്ളു. താളം, രാഗം, അഭിനയം, ഭാവപ്രകടനം, അലങ്കാരം തുടങ്ങി എല്ലാ പ്രകടനങ്ങളും കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

**24. <u>കുച്ചുപ്പുടി(പെൺ)</u>**

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 10 മിനിറ്റാണ്. പിന്നണിയിൽ സി.ഡി./പെൻഡ്രൈവ് മാത്രമേ അനുവദിക്കുകയുള്ളു. താളം, രാഗം, അഭിനയം, ഭാവപ്രകടനം, അലങ്കാരം തുടങ്ങി എല്ലാ പ്രകടനങ്ങളും കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

**25. മോഹിനിയാട്ടം (പെൺ)**

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 10 മിനിറ്റാണ്. പിന്നണിയിൽ സി.ഡി./പെൻഡ്രൈവ് മാത്രമേ അനുവദിക്കുകയുള്ളു.

**26. പ്രസംഗം (മലയാളം)**

പ്രസംഗത്തിനായി അനുവദിക്കുന്ന പരമാവധി സമയം 5 മിനിറ്റാണ്. നിശ്ചയിക്കപ്പെടുന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കേണ്ടതാണ്. വിഷയത്തിലുള്ള അവഗാഹം, ഇടമുറിയാതെയുള്ള അവതരണം, തെരഞ്ഞെടുത്ത വിഷയത്തെക്കുറിച്ച് കാലിക പ്രാധാന്യത്തോടെയുള്ള അവതരണം, വാക്കുകൾ ആവർത്തിക്കാതിരിക്കൽ, ആത്മവിശ്വാസം, ഉച്ചാരണശുദ്ധി എന്നിവ കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

**27. പ്രസംഗം (ഇംഗ്ലീഷ്)**

പ്രസംഗത്തിനായി അനുവദിക്കുന്ന പരമാവധി സമയം 5 മിനിറ്റാണ്. നിശ്ചയിക്കപ്പെടുന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കേണ്ടതാണ്. വിഷയത്തിലുള്ള അവഗാഹം, ഇടമുറിയാതെയുള്ള അവതരണം, തെരഞ്ഞെടുത്ത വിഷയത്തെക്കുറിച്ച് കാലിക പ്രാധാന്യത്തോടെയുള്ള അവതരണം, വാക്കുകൾ ആവർത്തിക്കാതിരിക്കൽ, ആത്മവിശ്വാസം, ഉച്ചാരണശുദ്ധി എന്നിവ കണക്കിലെടുത്തായിരിക്കും വിധിനിർണ്ണയം.

**28. പദ്യം ചൊല്ലൽ (മലയാളം) ആൺ**

സമയം 5 മിനിറ്റ്. കവിതാപാരായണത്തിന് വൃത്തനിബന്ധനയില്ല. പദ്യം ചൊല്ലലിന് അമിത സംഗീതം പാടില്ല. കവിയെപ്പറ്റിയും കവിതയെപറ്റിയും ചുരുങ്ങിയ വാക്കുകളിൽ മുഖവുര പറയാം. പദ്യം ചൊല്ലൽ നോക്കി വായിക്കാൻ പാടില്ല.

**29. പദ്യം ചൊല്ലൽ (മലയാളം) പെൺ**

സമയം 5 മിനിറ്റ്. കവിതാപാരായണത്തിന് വൃത്തനിബന്ധനയില്ല. പദ്യം ചൊല്ലലിന് അമിത സംഗീതം പാടില്ല. കവിയെപ്പറ്റിയും കവിതയെപറ്റിയും ചുരുങ്ങിയ വാക്കുകളിൽ മുഖവുര പറയാം. പദ്യം ചൊല്ലൽ നോക്കി വായിക്കാൻ പാടില്ല.

**30. <u>പദ്യം ചൊല്ലൽ (ഇംഗ്ലീഷ്) ആൺ</u>**

സമയം 5 മിനിറ്റ്. കവിതാപാരായണത്തിന് വൃത്തനിബന്ധനയില്ല. പദ്യം ചൊല്ലലിന് അമിത സംഗീതം പാടില്ല. കവിയെപ്പറ്റിയും കവിതയെപറ്റിയും ചുരുങ്ങിയ വാക്കുകളിൽ മുഖവുര പറയാം. പദ്യം ചൊല്ലൽ നോക്കി വായിക്കാൻ പാടില്ല.

**31. <u>പദ്യം ചൊല്ലൽ (ഇംഗ്ലീഷ്) പെൺ</u>**

സമയം 5 മിനിറ്റ്. കവിതാപാരായണത്തിന് വൃത്തനിബന്ധനയില്ല. പദ്യം ചൊല്ലലിന് അമിത സംഗീതം പാടില്ല. കവിയെപ്പറ്റിയും കവിതയെപറ്റിയും ചുരുങ്ങിയ വാക്കുകളിൽ മുഖവുര പറയാം. പദ്യം ചൊല്ലൽ നോക്കി വായിക്കാൻ പാടില്ല.

**32. <u>ഉപന്യാസം (മലയാളം)</u>**

സമയം 60 മിനിറ്റ്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും

**33. <u>ഉപന്യാസം (ഇംഗ്ലീഷ്)</u>**

സമയം 60 മിനിറ്റ്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും.

**34. <u>കഥാരചന (മലയാളം)</u>**

സമയം 90 മിനിറ്റ്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും

**35. <u>കഥാരചന (ഇംഗ്ലീഷ്)</u>**

സമയം 90 മിനിറ്റ്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും

**36. <u>കവിതാരചന (മലയാളം)</u>**

സമയം 90 മിനിറ്റ്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും. വൃത്തനിബന്ധനയില്ല.

**37. <u>കവിതാരചന (ഇംഗ്ലീഷ്)</u>**

സമയം 90 മിനിറ്റ്. പ്രമേയം വിധികർത്താക്കൾ തീരുമാനിക്കും. വൃത്തനിബന്ധനയില്ല.

**38. <u>മോണോആക്ട് (ആൺ)</u>**

സമയം 5 മിനിറ്റ്. ആക്ഷേപകരമായ പരാമർശങ്ങൾ ഒഴിവാക്കണം. ആഹാര്യാഭിനയം ആവശ്യമില്ല.

**39. മോണോആക്ട് (പെൺ)**

സമയം 5 മിനിറ്റ്. ആക്ഷേപകരമായ പരാമർശങ്ങൾ ഒഴിവാക്കണം. ആഹാര്യാഭിനയം ആവശ്യമില്ല.

**40. മിമിക്രി (ആൺ)**

സമയം 5 മിനിറ്റ്. ശബ്ദാനുകരണമാണ് മിമിക്രി. ഏതുതരം ശബ്ദവും ആകാം. വാചികാഭിനയത്തിനാണ് പ്രാധാന്യം.

**41. മിമിക്രി (പെൺ)**

സമയം 5 മിനിറ്റ്. ശബ്ദാനുകരണമാണ് മിമിക്രി. ഏതുതരം ശബ്ദവും ആകാം. വാചികാഭിനയത്തിനാണ് പ്രാധാന്യം.

**42. കഥാപ്രസംഗം (മലയാളം)**

സമയം 15 മിനിറ്റ്. പിന്നണിയിൽ ഹാർമോണിയം, തബല, മൃദംഗം, സിംബൽ, ടൈമിംഗ് തുടങ്ങിയ ഏതെങ്കിലും താളോപകരണം (താംബരിൻ/ കൈമണി) ഉപയോഗിക്കാം. ഇലക്ട്രോണിക് വാദ്യോപകരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. പിന്നണിയിൽ കുട്ടികൾതന്നെയായിരിക്കണം. പരമാവധി 4 കുട്ടികൾ വരെ പിന്നണിയിൽ ആകാം.

**43. തിരുവാതിരക്കളി 10 പേർ (പെൺ)**

സമയം 10 മിനിറ്റ്. (2 പേർ പിൻപാട്ടിന്). ലളിതമായ കേരളീയ വേഷവിധാനം ആയിരിക്കണം. കലാരൂപത്തിന്റെ തനിമ നിലനിർത്തണം. കുട്ടികൾ തന്നെ പാടി കളിക്കണം.

**44. സംഘനൃത്തം 7 പേർ (പെൺ)**

സംഘനൃത്തത്തിന് അനുവദിക്കുന്ന പരമാവധി സമയം 10 മിനിറ്റാണ്. ഇന്ത്യൻ പരമ്പരാഗത ശൈലിയിലുള്ള സംഘനൃത്തം ആയിരിക്കണം. ശാസ്ത്രീയ നൃത്തം, ബാലെ നൃത്തം എന്നിവ അനുവദിക്കുന്നതല്ല. പിന്നണിയിൽ സി.ഡി./പെൻഡ്രൈവ് മാത്രമേ അനുവദിക്കുകയുള്ളു.

**45. ഒപ്പന 10 പേർ (പെൺ)**

സമയം 10 മിനിറ്റ്. ഒപ്പനയ്ക്ക് പക്കമേളമോ, പിന്നണിയോ പാടില്ല. പിൻപാട്ടും വേണം. മറ്റുള്ളവർ ഏറ്റുപാടണം. പാട്ടും താളത്തിനൊത്ത കയ്യടിയുമാണ് മുഖ്യ ഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള

കയ്യടിയും ചുറ്റിക്കളിയും ആകാം. മത്സരത്തിൽ പങ്കെടുക്കുന്ന 10 പേരും സ്റ്റേജിൽ അണിനിരക്കണം. 6 പേർ കളിക്കുകയും 3 പേർ പാടുകയും ചെയ്യണം. ഒരു മണവാട്ടിയും വേണം. കളിക്കുന്നവർ തന്നെ പാടി അവതരിപ്പിക്കണം. ആലാപനമാത്ര അനുസരിച്ച് കൈമുട്ടുന്ന താളം ക്രമീകരിക്കണം.

**46. മാർഗ്ഗം കളി 7 പേർ (പെൺ)**

സമയം 10 മിനിറ്റ്. മൂന്ന് മുതൽ മൂന്നര മീറ്റർ നീളമുള്ള മുണ്ടാണ് മാർഗ്ഗംകളിക്ക് ഉപയോഗിക്കേണ്ടത്. 24 ഞൊറികളുള്ള അടുക്കുണ്ടായിരിക്കണം. ഒപ്പനക്ക് ഉപയോഗിക്കുന്ന ചട്ട മാർഗ്ഗം കളിക്ക് പാടില്ല. ക്രമമനുസരിച്ചുള്ള 14 പാദവും കളിക്കേണ്ടതില്ല. എന്നാൽ പാദങ്ങൾ ക്രമംതെറ്റാതെ കളിക്കണം. 5 തിരിയോ 7 തിരിയോ ഉള്ള കുരിശുള്ള വിളക്കാണ് വേണ്ടത്. നിലവിളക്ക് സംഘാടകർ നൽകണം. തനതായ വേഷമായിരിക്കണം. നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. മറ്റു സംഗീത ഉപകരണങ്ങളോ പിന്നണിയോ പാടില്ല.

**47. <u>ഗാനമേള 7 പേർ</u>**

7 പേർ. സിനിമാഗാനം ആകരുത്. സമയം10 മിനിറ്റ്. പിന്നണിയിൽ മത്സരാർത്ഥികൾ തന്നെ ആയിരിക്കണം സംഗീത ഉപകരണങ്ങൾ കൈകാര്യം ചെയ്യേണ്ടത്.

**48. <u>നാടകം (7ഉം) 3 പേർ പിന്നണിയിലും</u>**

നാടകാവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 30 മിനിറ്റാണ്. തുടങ്ങുവാനുള്ള അനുമതി ലഭിച്ച് കഴിയുമ്പോഴോ, ടീം ആമുഖ പ്രഭാഷണം ആരംഭിക്കുമ്പോഴോ ആണ് നാടകം തുടങ്ങുന്ന സമയം കണക്കാക്കപ്പെടുന്നത്. സ്റ്റേജ് ഒരുക്കുന്നതിനും രംഗ സാമഗ്രികൾ മാറ്റുന്നതിനുമായി പരമാവധി 10 മിനിറ്റ് സമയം അനുവദിക്കുന്നതാണ്. <u>വർണ്ണ-വർഗ്ഗ-ലിംഗ-രാഷ്ട്രീയ പ്രകോപനം സൃഷ്ടിക്കുന്ന നാടകങ്ങൾ അനുവദിക്കുന്നതല്ല.</u> പങ്കെടുക്കുന്ന ടീം രംഗ സജീകരണത്തനുള്ള സാമഗ്രികൾ, ചമയങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. വെളിച്ചം, നാടകത്തിനാവശ്യമായ ഫർണ്ണിച്ചറുകൾ എന്നിവ മുൻകൂട്ടി അറിയിക്കുന്ന പക്ഷം സംഘാടകർ നൽകുന്നതാണ്. <u>മത്സരം ആരംഭിക്കുന്നതിന് 2 മണിക്കൂർ മുൻപായി ടീം, സ്റ്റേജ് മാനേജരുടെ മുമ്പിൽ റിപ്പോർട്ട്</u>

ചെയ്യേണ്ടതാണ്. കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാത്ത ടീമുകളെ അയോഗ്യരാക്കുന്നതാണ്. നാടകത്തിന്റെ ആശയം, അവതരണം, രംഗാവിഷ്കാരം തുടങ്ങി മൊത്തത്തിലുള്ള പ്രകടനം കണക്കിലെടുത്തായിരിക്കും വിധി നിർണ്ണയം. നല്ല നടനേയും നടിയേയും തെരഞ്ഞെടുത്ത് അവാർഡ് നൽകുന്നു. പശ്ചാത്തല സംഗീതത്തിന് സി.ഡി./ പെൻഡ്രൈവ് ഉപയോഗിക്കാവുന്നതാണ്.

**49. ദേശഭക്തിഗാനം**

ദേശഭക്തി ഗാനത്തിൽ ദേശീയോദ്ഗ്രഥന സന്ദേശമുൾക്കൊള്ളുന്ന ഗാനങ്ങളാണ് ആലപിക്കേണ്ടത്. മലയാള ഗാനങ്ങൾതന്നെ ആയിരിക്കണമെന്നില്ല.

**50. നാടൻപാട്ട്**

നാടൻപാട്ട് മത്സരത്തിൽ പാട്ടിന്റെ പാരമ്പര്യം സ്റ്റേജിൽ പറയണം. വാമൊഴിയായി കിട്ടിയ പാട്ടുകൾ മാത്രമേ ഉപയോഗിക്കാവു. (അനുഷ്ഠാനപ്പാട്ടുകൾ, ഉത്സവപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, കളിപ്പാട്ടുകൾ), പ്രാദേശികമായ തനതു വാദ്യോപകരണങ്ങൾ കുട്ടികൾതന്നെ ഉപയോഗിക്കണം. പിന്നണി പാടില്ല. ഇലക്ട്രോണിക് ഉപകരണങ്ങളോ, കരോക്കെ, സി.ഡി., പെൻഡ്രൈവ് എന്നീ സംവിധാനങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. വേഷസംവിധാനങ്ങൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.

**51. കോൽക്കളി 12 പേർ (ആൺ)**

ഇമ്പമാർന്ന പുരാതന മാപ്പിളപ്പാട്ടുകളുടെ ഈണത്തിനൊപ്പിച്ച് മെയ് വഴക്കത്തോടെ ചുവടൊപ്പിച്ച് ചാഞ്ഞും ചരിഞ്ഞും മറിഞ്ഞും കൃത്യമായ വായ്ത്താരിയും കോലടിയും താളവും പിടിച്ച് പങ്കെടുക്കുന്നവർ തന്നെ പാടണം. പിന്നണിയോ പുറമേ നിന്നുതാളം പറയാനോ പാടില്ല. 12 പേർ വേണം കോൽ പെണയുടെ താളം അവതരിപ്പിക്കുന്ന കളികളുടെ മുൻതാളവും വായ്ത്താരിയും ഓരോ കളിയിലും തുടക്കം മുതൽ അവസാനം വരെ ക്രമത്തിലും പാരമ്പര്യരീതി അനുസരിച്ചും അവതരിപ്പിക്കണം. ഓരോകളിയുടെ അവസാനത്തിലും അടക്കത്താളമായി അവതരിപ്പിക്കുന്ന മിൽഫോക്കും കൊടുത്തോപോക്കും കളിയുടെ പ്രാരംഭഘട്ടത്തിൽ അവതരിപ്പിക്കാൻ പാടുള്ളതല്ല.

52. **<u>വട്ടപ്പാട്ട് 10 പേർ (ആൺ)</u>**

പക്കമേളമോ, പിന്നണിയോ പാടില്ല. പിൻപാട്ടും വേണം. മറ്റുള്ളവർ ഏറ്റുപാടണം. പാട്ടും താളത്തിനൊത്ത കയ്യടിയുമാണ് മുഖ്യ ഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കയ്യടിയും ചുറ്റിക്കളിയും ആകാം. 6 പേർ കളിക്കുകയും ഒരാൾ മണവാളനായും, 3 പേർ പാടുകയും ചെയ്യണം. 10 പേരും സ്റ്റേജിൽ അണിനിരക്കണം. റിക്കാർഡ് ചെയ്ത കാസറ്റുകൾ, സി.ഡി./പെൻഡ്രൈവ് എന്നിവ പാടില്ല.

# അദ്ധ്യായം 5
# സംസ്ഥാനതല ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം
# (നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ)

1. സംസ്ഥാനതല ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം അതാത് വർഷത്തെ അക്കാഡമിക് കലണ്ടർ പ്രകാരം നടത്തേണ്ടതാണ്.
2. മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്കൂൾ തലത്തിൽ '**എ**' ഗ്രേഡോടുകൂടി ഫസ്റ്റ് നേടിയ ഒരു കുട്ടിയെ/ഗ്രൂപ്പിനെയാണ് സംസ്ഥാനതല മത്സരങ്ങളിലേയ്ക്ക് അയക്കേണ്ടത്. സ്കൂൾ തലത്തിൽ ഗ്രൂപ്പ് ഇനങ്ങളിൽ ഒരു ടീം മാത്രമാണ് പങ്കെടുത്തതെങ്കിൽ പ്രസ്തുത ഇനത്തിൽ എ ഗ്രേഡ് ലഭിക്കാതെ സ്റ്റേറ്റ് മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുന്നതല്ല. ഒരു സ്കൂളിൽനിന്ന് പരമാവധി **30** പേർക്ക് മാത്രമേ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അർഹത ഉണ്ടായിരിക്കുകയുള്ളൂ.
3. നിശ്ചയിക്കപ്പെടുന്ന ജില്ലയിലെ എല്ലാ സ്കൂളുകൾക്കും കലോത്സവ നടത്തിപ്പിന്റെ കൂട്ടുത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്.
4. സംസ്ഥാനതലത്തിൽ കലോത്സവ നടത്തിപ്പിനായി സംഘാടക സമിതി, നിർവ്വാഹക സമിതി എന്നിവ രൂപീകരിക്കേണ്ടതാണ്. അവയുടെ ഘടന താഴെ പറയുന്ന വിധമായിരിക്കും.

## സംഘാടക സമിതി

| | |
|---|---|
| മുഖ്യ രക്ഷാധികാരികൾ | മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി, സാംസ്കാരിക വകുപ്പ് മന്ത്രി, ജില്ലയിൽ നിന്നുള്ള മന്ത്രിമാർ. |
| രക്ഷാധികാരികൾ | ജില്ലയിലെ **M.P., MLA** മാർ/ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ മേയർ/ മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സൺ. |
| ചെയർമാൻ | സ്ഥലം എം.എൽ.എ. |
| വൈസ് ചെയർമാൻ | ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ |
| ജനറൽ കോർഡിനേറ്റർ | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ |
| ജനറൽ കൺവീനർ | കലോത്സവം നടക്കുന്ന സ്ഥാപനത്തിലെ സൂപ്രണ്ട് |

## നിർവ്വാഹക സമിതി

| | |
|---|---|
| മുഖ്യ രക്ഷാധികാരികൾ | ജില്ലയിൽ നിന്നുള്ള മന്ത്രിമാർ, എം.പി. മാർ |
| രക്ഷാധികാരികൾ | ജില്ലയിലെ **MLA** മാർ/ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ മേയർ/ മുനിസിപ്പൽ ചെയർമാൻ /ചെയർപേഴ്സൺ. |
| വൈസ് പ്രസിഡന്റ്മാർ | സീനിയർ ജോയിന്റ് ഡയറക്ടർ, **(PS)/ IHRD** അഡീഷണൽ ഡയറക്ടർ **(THSS STREAM)** |
| ജനറൽ കൺവീനർ | കലോത്സവം നടക്കുന്ന സ്ഥാപനത്തിലെ സൂപ്രണ്ട് |
| കൺവീനർമാർ | സംസ്ഥാനത്തെ **THS/THSS** സ്കൂളുകളിലെ സൂപ്രണ്ട്/ പ്രിൻസിപ്പാൾ/ ഉദ്യോഗസ്ഥർ. |

**ചുമതലകൾ**

1. സംസ്ഥാന കലോത്സവത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്വം വഹിക്കുന്നത് നിർവ്വാഹക സമിതിയാണ്. കലോത്സവ നടത്തിപ്പിനായി ബഡ്ജറ്റ് തയ്യാറാക്കുന്നതും കമ്മിറ്റികൾക്ക് ആവശ്യമായ തുക അനുവദിക്കുന്നതും ഈ സമിതിയാണ് കലോത്സവം കഴിഞ്ഞതിനുശേഷം ജനറൽ കൺവീനർ തയ്യാറാക്കുന്ന വരവു ചെലവു കണക്കുകൾ ആഡിറ്റ് ടീം റിപ്പോർട്ട് ചർച്ച

ചെയ്ത് അംഗീകരിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടത് ഈ സമിതിയുടെ ചുമതലയാണ്. വിവിധ കമ്മറ്റികളുടെ പ്രവർത്തനം ഏകോപിക്കുന്നതും കാര്യക്ഷമമാക്കുന്നതും ഈ കമ്മറ്റിയുടെ മുഖ്യകർത്തവ്യമാണ്.

2. കലോത്സവത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി വിവിധ സബ് കമ്മറ്റികൾ ഉണ്ടായിരിക്കും. അവയുടെ ചെയർമാൻമാർ ജനപ്രതിനിധികളും കൺവീനർമാർ വിവിധ സ്കൂൾ സൂപ്രണ്ടുമാരും/ പ്രിൻസിപ്പാൾമാരും/ ഉദ്യോഗസ്ഥരും ആയിരിക്കും.

വിവിധ കമ്മറ്റികളുടെ ചുമതല താഴെ കൊടുക്കുന്നു.

## (1) <u>ധനകാര്യകമ്മിറ്റി (ഫിനാൻസ്)</u>

**<u>ഘടന:</u>**

| | |
|---|---|
| ചെയർമാൻ | തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ |
| വൈസ് ചെയർമാൻ | സംസ്ഥാന കലോത്സവം നടത്തുന്ന THS ലെ പി.ടി.എ. വൈസ് പ്രസിഡന്റ് |
| കൺവീനർ | കലോത്സവത്തിന്റെ ജനറൽ കൺവീനർ |
| ജോയിന്റ് കൺവീനർ | THS / THSS ഉദ്യോഗസ്ഥർ |
